**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1227** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>മുത്തോലി കൃഷിഭവൻ നിർമാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** പാലാ നിയോജകമണ്ഡലത്തിലെ മുത്തോലി കൃഷിഭവൻ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പാലാ നിയോജകമണ്ഡലത്തിലെ മുത്തോലി കൃഷിഭവൻ നിർമ്മാണം ആരംഭിച്ചിട്ടില്ല.

**(ബി)** പ്രസ്തുത കൃഷിഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. മുത്തോലി കൃഷിഭവൻ നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം മീനച്ചിൽ വില്ലേജിൽ ബ്ലോക്ക് 37 ൽ റീ സർവ്വെ നമ്പർ 29/3ൽ ഉൾപെട്ടിട്ടുള്ളതാണ്. "സർക്കാർ പുറം പോക്ക് വഴി" എന്നാണ് ഗ്രാമപഞ്ചായത്തിലെ നിക്ഷിപ്ത ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ഈ സ്ഥലം സംബന്ധിച്ച് ഒരു കേസും പാലാ കോടതിയിൽ നിലനിൽക്കുന്നു.

**സെക്ഷൻ ഓഫീസർ**